പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 629 — 08.08. 2017 ൽ മറുപടിക്ക്

## സർവ്വീസ് കാര്യങ്ങളിൽ കോടതിയെ സമീപിക്കുന്നതിന് ഏർപ്പെടുത്തിയ വിലക്ക്

ചോദ്യം

ശ്രീ.മഞ്ഞളാംകുഴി അലി.

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ ജീവനക്കാർ സർവ്വീസ് കാര്യങ്ങളിൽ പരാതി പരിഹാരത്തിനായി നേരിട്ട് കോടതിയെ സമീപിക്കുന്നതിന് എന്തെങ്കിലും വിലക്ക് ബോർഡോ സർക്കാരോ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരത്തിൽ ഉത്തരവ് നൽകിയത്എന്ന് അറിയിക്കുമോ; | (എ) ഇല്ല. എന്നാൽ കോടതിയിൽ പോകുന്നതിനു മുമ്പായി ഓരോ ജീവനക്കാരനും പരാതി പരിഹാരത്തിനായി ബോർഡിലെ വിവിധ തലങ്ങളെ സമീപിക്കാവുന്നതാണ്. ഇത് വിശദമാക്കിക്കൊണ്ട് ഒരു ബോർഡുത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പല ജീവനക്കാരും ബോർഡിൽ ലഭ്യമായ അവസരങ്ങൾ പ്രയോജനപ്പെടുത്താതെ നേരിട്ട് കോടതികളെ സമീപിക്കുന്ന സാഹചര്യത്തിലാണ് ഇത് വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. |
| (ബി) അവകാശ ലംഘനങ്ങളുടെ അടിസ്ഥാനത്തിൽ കോടതിയെ സമീപിക്കുന്ന ജീവനക്കാർക്കും തൊഴിലാളികൾക്കുമെതിരെ നടപടി സ്വീകരിക്കുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഈ ഉത്തരവിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) പ്രസ്തുത ഉത്തരവ് കോടതിയെ സമീപിക്കുന്നതിനെതിരെയല്ല. മറിച്ച് ബോർഡിൽ നിലവിൽ സമയബന്ധിതമായി പരാതി പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് എൻജിനീയർ മുതൽ ഫുൾ ബോർഡ് തലം വരെയുള്ള വിവിധ ന്യായ സംവിധാനങ്ങളെ സമീപിച്ചതിനു ശേഷം മാത്രമേ കോടതിയെ സമീപിക്കാവൂ എന്നത് സംബന്ധിച്ചാണ് .ഈ ഉത്തരവിനെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (സി) ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ ലംഘിക്കുന്ന തരത്തിലുള്ള ഇത്തരം ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനെതിരെ കോടതിയുടെ എന്തെങ്കിലും പരാമർശമുണ്ടായിട്ടുണ്ടോ; എങ്കിൽ ഈ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ ഉത്തരവു പുറപ്പെടുവിച്ചവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ? | (സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പ്രവർത്തിക്കുന്ന ഒരു അംഗീകൃത സംഘടന പ്രസ്തുത ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ ഉത്തരവ് വരുന്നതുവരെ ജീവനക്കാർക്കെതിരെ ടി ഉത്തരവിൽ പറയുന്ന അച്ചടക്ക നടപടിയെടുക്കുന്നത് താൽക്കാലികമായി സ്റ്റേ ചെയ്തിരിക്കുകയാണ്. ഉത്തരവ് പുറപ്പെടുവിച്ചവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ കോടതി ഉത്തരവായിട്ടില്ല. |

സെക്ഷൻ ഓഫീസർ